**മലങ്കര സുറിയാനി കത്തോലിക്കാ സഭ**

# ബൈബിൾ ഞായറാഴ്ച 2025

## സർക്കുലർ

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോർഎപ്പിസ്ക്കോപ്പാമാരേ, വന്ദ്യ റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളെ,

നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിന്നുള്ള കൃപയും സമാധാനവും, മാംസമായിതീർന്ന വചനം, നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ !

വിശുദ്ധ സഭ, ബൈബിൾ ഞായറാഴ്ച ആചരിക്കുന്ന ഈ ദിനത്തിൽ വിശുദ്ധ വേദപുസ്തകത്തിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവവചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നതിനും ആ ദൈവീകരഹസ്യങ്ങളെ ധ്യാനിക്കുന്നതിനുമായി സമർപ്പിച്ചിരിക്കുന്നു.

ദൈവജനമെന്ന നിലയിൽ, ലിഖിതമായ വചനത്തോടുള്ള നമ്മുടെ സ്നേഹം പുതുക്കാനും അതിന്റെ താളുകളിലൂടെ നമ്മോട് സംസാരിക്കുന്ന ദൈവശബ്ദം കൂടുതൽ ശ്രദ്ധയോടെ കേൾക്കാനും, വചനം അനുസരിച്ചു ജീവിക്കാനും, അതിന്റെ രക്ഷാസന്ദേശം പ്രഘോഷിക്കാൻ പ്രതിജ്ഞാബദ്ധരാകാനും നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു. അപ്പസ്തോലന്മാരിലൂടെ അമൂല്യമായ പൈതൃകമായി നമുക്ക് ലഭിച്ച പാവനമായ ഈ തിരുവെഴുത്തുകൾ, തിരുസ്സഭയുടെ ശക്തിയും ഐക്യവും നവീകരണവും നേടുന്ന ജീവദായകമായ ഉറവയായി തുടരുന്നു.

എല്ലാ യുഗത്തിലും, പ്രത്യേകിച്ച് ശബ്ദകോലാഹലങ്ങൾ, വിഭജനങ്ങൾ, ആത്മീയമന്ദത എന്നിവയാൽ അടയാളപ്പെടുത്തപ്പെട്ട നമ്മുടെ ഈ കാലത്തിൽ, ദൈവവചനം പ്രത്യാശയുടെ നങ്കൂരമായും, നമ്മുടെ സഭാതീർത്ഥാടന യാത്രയിൽ ഉറപ്പുള്ള വഴികാട്ടിയായും

നമ്മുടെ ജീവിതപാതയ്ക്ക് വെളിച്ചമായും നമ്മെ നയിക്കുന്നു (സങ്കീ 119:105),

ദൈവത്തിന്റെ വചനം, ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രമായി തീരണമെന്ന പ്രചോദനം ഉൾക്കൊണ്ട്, സീറോ മലങ്കര കത്തോലിക്കാ സഭയുടെ പരിശുദ്ധ സിനഡ്, അതിന്റെ വിശ്വാസികളായ പുരോഹിതർ, സന്യസ്തർ, മാതാപിതാക്കൾ, യുവജനങ്ങൾ, കുട്ടികൾ, സഭാ സ്ഥാപനങ്ങളിലുള്ളവർ എന്നിവരെ ദൈവവചനത്തോടുള്ള ആഴമായ ബന്ധം എന്ന നവബോധ്യത്തിലേക്ക് ക്ഷണിക്കുന്നു.

**1. ക്രിസ്തുവിനെ കണ്ടുമുട്ടുന്നതിനുള്ളസുപ്രധാന ഇടമായ വിശുദ്ധ ബൈബിൾ**

യേശുവിനെ ദൈവത്തിന്റെ നിത്യവചനമായി അവതരിപ്പിച്ചു കൊണ്ടാണ് യോഹന്നാൻ തന്റെ സുവിശേഷം ആരംഭിക്കുന്നത്. “വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു” (യോഹ 1:14). നിത്യവചനമായ യേശുക്രിസ്തു നമ്മുടെ മനുഷ്യാവസ്ഥയിൽ നമ്മെ കണ്ടുമുട്ടാൻ നമ്മുടെ മനുഷ്യസ്വഭാവം സ്വീകരിച്ചു, ദൈവത്തിന്റെ ജീവനിലേക്ക് നമ്മെ ആകർഷിച്ചു. വിശുദ്ധ ബൈബിളിന്റെ ഓരോ താളിലും ഈ അനിർവചനീയമായ രഹസ്യത്തിന് നാം സാക്ഷ്യം വഹിക്കുന്നു. തിരുവെഴുത്തുകളെല്ലാം അതിന്റെ ഐക്യവും ഉദ്ദേശ്യവും സത്യവും അവനിൽ കണ്ടെത്തുന്നു, കാരണം അവൻ തന്നെ പ്രഖ്യാപിക്കുന്നതുപോലെ, ഇവ എന്നെക്കുറിച്ച് സാക്ഷ്യപ്പെടുത്തുന്ന ലിഖിതങ്ങളാണ് (യോഹ 5:39). മനുഷ്യാവതാര രഹസ്യത്തിൽ (Mystery of Incarnation) നിന്നാണ് സഭയുടെ ജീവിതം, കൂദാശകൾ, ലിഖിതങ്ങൾ, വിശ്വാസികളെന്ന നമ്മുടെ ദൈവവിളി എന്നിവ ഉദ്ഭവിക്കുന്നത്.

അങ്ങനെ, വിശുദ്ധ ലിഖിതങ്ങൾ ഓരോ ക്രിസ്ത്യാനിയും ക്രിസ്തുവിനെ കണ്ടുമുട്ടുന്ന ഒരു പ്രധാന ഇടമാണ്. ദൈവിക ലിഖിതങ്ങൾ പതിവായി വായിക്കുന്നതിലൂടെ “യേശുക്രിസ്തുവിനെക്കുറിച്ചുള്ള അപാരമായ പരിജ്ഞാനം” (ഫിലി 3:8) നേടാൻ നാം ഓരോരുത്തരെയും തിരുസ്സഭ ക്ഷണിക്കുന്നു. വിശുദ്ധ ബൈബിളിനെ കുറിച്ചുള്ള അജ്ഞത, “ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയാണ്” (വിശുദ്ധ ജെറോം). അതിനാൽ, വിശുദ്ധ ബൈബിൾ, പതിവായി വായിക്കുന്നതിലൂടെ ‘യേശുക്രിസ്തുവിനെക്കുറിച്ചുള്ള മികച്ച പരിജ്ഞാനം’ (ഫിലി 3:8) സ്വായത്തമാക്കാൻ രണ്ടാം വത്തിക്കാൻ കൗൺസിൽ എല്ലാ ക്രിസ്തീയ വിശ്വാസികളെയും, ആത്മാർത്ഥമായി

പ്രചോദിപ്പിക്കുന്നു. അതിനാൽ, ദൈവവചനത്താൽ സമ്പന്നമായ വിശുദ്ധ ആരാധനക്രമത്തിലൂടെയോ, ഭക്തവായനയിലൂടെയോ, അല്ലെങ്കിൽ ഓരോരുത്തരുടെയും ജീവിതദൈവവിളികൾക്ക് അനുയോജ്യമായ നിർദ്ദേശങ്ങളിലൂടെയോ എല്ലാവരും സന്തോഷത്തോടെ വിശുദ്ധ ഗ്രന്ഥവുമായി സമ്പർക്കം പുലർത്തണം. (*Dei Verbum* 25).

യേശുവിനെ അറിയാനും അവനെ അനുഗമിക്കാനും നമ്മുടെ ദൈനംദിന ജീവിതത്തിൽ അവനെ സാക്ഷ്യപെടുത്താനും, വചനം നമ്മിൽ സമൃദ്ധമായി വസിക്കാൻ നാം അനുവദിക്കണം. വിശ്വാസത്തോടെ വിശുദ്ധ ബൈബിൾ തുറക്കുമ്പോഴെല്ലാം ക്രിസ്തു നമ്മോടു സംസാരിക്കുന്നു. എമ്മാവൂസിലേക്കുള്ള വഴിയിൽ ശിഷ്യന്മാരോടൊത്ത് ചെയ്തതുപോലെ അവിടുന്ന് നമ്മോടുകൂടെ നടക്കുന്നു (ലൂക്കാ 24:27), രക്ഷയുടെ രഹസ്യങ്ങൾ മനസ്സിലാക്കാൻ നമ്മുടെ മനസ്സ് തുറക്കുന്നു (ലൂക്കാ 24:45). വിശുദ്ധ വചനങ്ങൾ വെറും വാക്കുകളല്ല, മറിച്ച് ക്രിസ്തുവിൽ പ്രകടമായ ദൈവസ്നേഹത്തിന്റെ ജീവിക്കുന്ന സാക്ഷ്യമാണ്. ബൈബിളിനെ സ്നേഹിക്കുക എന്നാൽ യേശുവിനെ തന്നെ സ്നേഹിക്കുക എന്നാണ്. ഭക്തിയോടെ വായിക്കുക എന്നാൽ, ആ ദൈവത്തെ വ്യക്തിപരമായി കണ്ടുമുട്ടുകയും നമ്മുടെ ഹൃദയവും മനസ്സും രൂപപ്പെടുത്താൻ യേശുവിനെ അനുവദിക്കുകയും ചെയ്യുക എന്നതാണ്.

**2. സഭയുടെ ജീവിതത്തിന്റെ അടിത്തറയായ വിശുദ്ധ ബൈബിൾ**

വിശുദ്ധ ഗ്രന്ഥം ഉൾകൊള്ളുന്ന ദൈവവചനമാണ് സഭാ ജീവിതത്തിന്റെ അടിത്തറ. അതിൽനിന്ന് നമ്മുടെ വിശ്വാസവും ദൗത്യവും വിശുദ്ധിയും പ്രവഹിക്കുന്നു. അത് നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമാണ്, കാരണം ''വിശ്വാസം ദൈവവചനത്തിന്റെ കേൾവിയിലൂടെയും കേൾവി ക്രിസ്തുവിനെ പറ്റിയുള്ള പ്രസംഗത്തിൽ നിന്നുമാണ്'' (റോമ 10:17). അത് നമ്മുടെ ദൗത്യത്തിന്റെ അടിസ്ഥാനമാണ്, കാരണം നമ്മുടെ കർത്താവ് നമ്മോട് കല്പിച്ചു, "അതിനാൽ നിങ്ങൾപോയി എല്ലാ ജനതകളെയും ശിഷ്യപെടുത്തുക.. ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും അനുസരിക്കാൻ അവരെ പഠിപ്പിക്കുക'' (മത്താ 28:1920). അത് നമ്മുടെ വിശുദ്ധിയുടെ അടിസ്ഥാനമാണ്: കാരണം, നമ്മുടെ കർത്താവു പ്രാർത്ഥിച്ചു "അവരെ അങ്ങ് സത്യത്തിൽ വിശുദ്ധീകരിക്കണമേ! അവിടുത്തെ വചനമാണ് സത്യം" (യോഹ 17:17).

തിരുവചനമില്ലാതെ, സഭയ്ക്ക് അതിന്റെ ദിശാബോധവും വീര്യവും ദൗത്യവും നഷ്ടപ്പെടുന്നു. വചനത്തിന്റെ, സഭ എപ്പോഴും നവീകരിക്കപ്പെട്ടവളും ഊർജ്ജസ്വലയും മിഷനറി ആയിരിക്കുകയും, ക്രിസ്തുവെളിച്ചം ഓരോ തലമുറയിലേക്കും പകർന്നു വിശ്വാസികളെ പരിപോഷിപ്പിക്കുകയും ദൈവികസത്യത്താലും സ്നേഹത്താലും ലോകത്തെ രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു.

**3. ഇടവകജീവിതത്തിലും അജപാലന ശുശ്രൂഷയിലും വിശുദ്ധ ബൈബിൾ**

ഇടവക സഭയുടെ ജീവനുള്ള ഹൃദയമാണ്, വിശ്വാസികളുടെ ഗാർഹിക സംഗമസ്ഥലമാണ്, ദൈവവചനം പ്രഘോഷിക്കുകയും ആഘോഷിക്കുകയും ജീവിക്കുകയും ചെയ്യുന്ന ഒരു പ്രത്യേക ഇടമാണ്. ബെനഡിക്ട് പതിനാറാമന് മാർപാപ്പ വ്യകതമാക്കുന്നതുപോലെ, 'ഇടവക വചനത്തിന്റെ ഒരു ഭവനം ആയിത്തീരണം' (വെർബം ഡൊമിനി 100). ഓരോ ആരാധനാക്രമത്തിലും തിരുവചനം ഭക്തിപൂർവ്വം പ്രഘോഷിക്കണം, വിശ്വാസികളുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കുകയും രക്ഷയുടെ രഹസ്യങ്ങളിലേക്ക് ആനയിക്കുകയുംവേണം. വചനത്തിൽ വേരൂന്നിയ പ്രസംഗങ്ങളിലൂടെയും മതബോധനത്തിലൂടെയും വിശ്വാസികളിൽ വിശുദ്ധിയോടുള്ള ആഗ്രഹം ഉണർത്തുകയും ക്രിസ്തുവിന്റെ പ്രബോധനമനുസരിച്ച് ജീവിക്കാൻ അവരെ പ്രചോദിപ്പിക്കുകയുംവേണം.

തിരുവചനം ആരാധനാക്രമത്തിനപ്പുറം ഇടവകജീവിതത്തിലും വ്യാപിക്കണം. ബൈബിൾ പഠന ഗ്രൂപ്പുകൾ, ഇടവക പരിപാടികൾ, യുവജന സമ്മേളനങ്ങൾ, പ്രാർത്ഥനായോഗങ്ങൾ എന്നിവ വിശ്വാസികൾക്ക് ജീവനുള്ള വചനത്തെ കണ്ടുമുട്ടാനും അതിന്റെ ജ്ഞാനത്തെക്കുറിച്ച് ധ്യാനിക്കാനും ക്രിസ്തീയ പുണ്യത്തിൽ രൂപപ്പെടാനുമുള്ള അവസരങ്ങളാണ്. തിരുവചനം പ്രാർത്ഥനാപൂർവ്വം വായിക്കുകയും വിചിന്തനം ചെയ്യുകയും കൂട്ടായ്മയായി പങ്കിടുകയും ചെയ്യുന്ന ഒരു സംസ്കാരം വളർത്തിയെടുക്കാൻ ഓരോ ഇടവകകളെയും ക്ഷണിക്കുകയാണ്, ഇത് ഓരോ അംഗത്തെയും ദൈവവചനത്തിന്റെ പരിവർത്തനശക്തി അനുഭവിക്കാൻ ഇടയാക്കുന്നു.

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ, സുവിശേഷത്തിന്റെ ആനന്ദത്തിൽ നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ: എല്ലാ സുവിശേഷ വത്കരണവും കേൾക്കപ്പെടുകയും ധ്യാനിക്കപ്പെടുകയും ജീവിക്കപ്പെ

ടുകയും ആഘോഷിക്കപ്പെടുകയും സാക്ഷ്യപ്പെടുത്തപ്പെടുകയും ചെയ്യുന്ന ദൈവവചനത്തെ അടിസ്ഥാനമാക്കിയതാണ്. പരിശുദ്ധ ഗ്രന്ഥങ്ങൾ തന്നെയാണ് സുവിശേഷവത്കരണത്തിന്റെ യഥാർത്ഥ ഉറവിടം. (EG 174).

**4. കുടുംബത്തിൽ പരിശുദ്ധ ഗ്രന്ഥം: വചനത്തിന്റെആദ്യ പാഠശാല**

തിരുസഭയുടെ ഏറ്റവും ചെറിയ ഘടകവും ഗാർഹികസഭയുമായി കണക്കാക്കപ്പെടുന്ന കുടുംബം, തിരുവചനത്തെ ആദരിക്കുകയും, വായിക്കുകയും, ധ്യാനിക്കുകയും, ജീവിക്കുകയും ചെയ്യുന്ന ഒരു വിശുദ്ധമായ ഇടം ആയിരിക്കണം. വചനത്തിന്റെ ആദ്യ പാഠശാലയായ കുടുംബത്തിൽ, മാതാപിതാക്കൾക്ക് മക്കളെ തിരുവചനപഠനത്തിനായി ഒരുക്കേണ്ട ഉത്തരവാദിത്തംകൂടിയുണ്ട്. മോശ ഇസ്രായേൽ ജനത്തെ ഉപദേശിച്ചതുപോലെ: ഞാനിന്നു കൽപിക്കുന്ന ഈ വചനങ്ങൾ നിങ്ങളുടെ ഹൃദയത്തിലുണ്ടായിരിക്കണം. ജാഗരൂകതയോടെ അവ നിങ്ങളുടെ മക്കളെ പഠിപ്പിക്കണം; വീട്ടിലായിരിക്കുമ്പോഴും യാത്ര ചെയ്യുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെപ്പറ്റി സംസാരിക്കണം (നിയമ 6:6–7). അതുപോലെ, ദൈവത്തെ അറിഞ്ഞ ഓരോ മാതാപിതാക്കളുടെ ദൈവിക ദൗത്യം തന്നെയാണ് തന്റെ വിശ്വാസം വരുംതലമുറകളിലേക്ക് പകരുക എന്നത്. “അവിടുന്നു യാക്കോബിനു പ്രമാണങ്ങൾ നൽകി; ഇസ്രായേലിനു നിയമവും; അതു മക്കളെ പഠിപ്പിക്കാൻ നമ്മുടെ പിതാക്കൻമാരോട് അവിടുന്ന് ആജ്ഞാപിച്ചു. വരാനിരിക്കുന്ന തലമുറ, ഇനിയും ജനിച്ചിട്ടില്ലാത്ത മക്കൾ, അവ അറിയുകയും തങ്ങളുടെ മക്കൾക്ക് അവ പറഞ്ഞു കൊടുക്കുകയും ചെയ്യും. അവർ ദൈവത്തിൽ ആശ്രയിക്കുകയും അവിടുത്തെ പ്രവൃത്തികളെ വിസ്മരിക്കാതെ കൽപനകൾ പാലിക്കുകയും ചെയ്യും (സങ്കീ 78:5–7).

വചനത്തിൽ വേരൂന്നിയ ഒരു കുടുംബം ഭയം, അഭിപ്രായഭിന്നത, തെറ്റിദ്ധാരണ, സംശയങ്ങൾ എന്നിവയ്ക്കെതിരെ ശക്തമായി നിലകൊള്ളുന്നു. പ്രാർത്ഥനാപൂർവമായ വായനയും ധ്യാനവും വഴി നമ്മുടെ കുടുംബങ്ങൾ ഒരു സജീവ ശിഷ്യത്വ പാഠശാലയായി മാറുന്നു. ഇങ്ങനെ, കുടുംബം ദൈവസ്നേഹത്തിന്റെ സാക്ഷ്യവും, വിശ്വാസത്തെ തലമുറകളിലേക്ക് പകരുകയും കർത്താവിനെ അനുസരിക്കാനും സേവിക്കാനും സദാ സന്നദ്ധമായ ഹൃദയങ്ങളെ വളർത്തുകയും ചെയ്യുന്ന ഒരിടമായി രൂപാന്തരപ്പെടുകയും ചെയ്യുന്നു.

## 6. പരിശുദ്ധ ഗ്രന്ഥത്തിന്റെ രൂപാന്തരപ്പെടുത്തുന്ന ശക്തി

പരിശുദ്ധ ഗ്രന്ഥത്തിന്റെ രൂപാന്തരപ്പെടുത്തുന്ന ശക്തി അത്ഭുതപ്പെടുത്തുന്നതാണ്. അത് പാപികളെ മനസാന്തരപ്പെടുത്തുകയും, വേദനിക്കുന്നവരെ ആശ്വസിപ്പിക്കുകയും അനേകം മനുഷ്യരെ ലോകസുഖങ്ങൾ ത്യജിച്ച് വിശുദ്ധിയിലേക്ക് തിരിയാൻ പ്രചോദിപ്പിക്കുകയും ചെയ്യുന്നു. വചനം ദൈവം പ്രസാദിക്കുന്നതിനെ പൂർത്തീകരിക്കുന്നു; അത് ശൂന്യമായി മടങ്ങുകയില്ല (ഏശയ്യാ 55:11). വിത്ത് നല്ല നിലത്ത് വീഴുമ്പോൾ, അത് ഒരുവനിൽ നൂറിരട്ടിയും, മറ്റൊരുവനിൽ അറുപതും, വേറൊരുവനിൽ മുപ്പതും ഫലം പുറപ്പെടുവിക്കുന്നു (മത്താ 13:23).

വിശ്വാസത്തോടെ വായിക്കുമ്പോൾ പരിശുദ്ധ ഗ്രന്ഥം അതിനെ കേൾക്കുന്നവർക്കും വായിക്കുന്നവർക്കും ഒരുപോലെ ജീവദായകമാണ്: അത് പാപിയെ പരിവർത്തനം ചെയ്യുന്നു, മുറിവേറ്റവരെ സൗഖ്യമാക്കുന്നു, നിരാശപെട്ടവർക്ക് പ്രത്യാശ പകരുന്നു, ബലഹീനരെ ശക്തിപെടുത്തുന്നു, ചഞ്ചലചിത്തരെ ധൈര്യപ്പെടുത്തുന്നു, അനീതിയെശാസിക്കുന്നു.

തിരുവചനത്തിൽ ആഴത്തിൽ ലയിക്കുമ്പോൾ, വിശ്വാസികളുടെ ഹൃദയം ക്രിസ്തുവിന്റെ ഹൃദയത്തോടു ഏകീകൃതമാകുന്നു. ഇങ്ങനെ, വ്യക്തികളുടെ ജീവിതംമാത്രമല്ല, കുടുംബങ്ങളെയും ഇടവകകളെയും സമൂഹങ്ങളെയും പരിശുദ്ധിയിലും സ്നേഹത്തിലും വചനം പുതുക്കിപണിയുന്നു.

## 7. എല്ലാവർക്കും പരിശുദ്ധ ഗ്രന്ഥം: ബൈബിൾ അപ്പസ്തോലേറ്റിന്റെ ദൗത്യം

പരിശുദ്ധ ഗ്രന്ഥത്തിൽ ക്രിസ്തുവിനെ കണ്ടുമുട്ടി, അവന്റെ വചനത്താൽ രൂപാന്തരപ്പെട്ടവർക്ക്, കുടുംബങ്ങളിലും ഇടവകകളിലും മനുഷ്യജീവിതത്തിന്റെ സമസ്തമേഖലയിലും ജീവദായകമായ ഈ സന്ദേശം പകർന്നു നൽകുക എന്ന ഉത്തരവാദിത്വമുണ്ട്. ഇതു തന്നെയാണ് ബൈബിൾ അപ്പോസ്തോലേറ്റിന്റെ ദൗത്യവും.

രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം പഠിപ്പിക്കുന്നു, എല്ലാവർക്കും വിശുദ്ധ ഗ്രന്ഥത്തിന്റെ സംലഭ്യത ഉറപ്പാക്കുക എന്നത് സഭയുടെ കടമയാണ്. അതുകൊണ്ടുതന്നെ, വിവിധ ഭാഷകളിലേക്കുള്ള ബൈബിൾ വിവർത്തനം എന്ന പുരാതന ക്രിസ്തീയ പാരമ്പര്യം സഭ തന്റെ ആദ്യകാലം മുതൽതന്നെ ആത്മാർത്ഥമായി ഏറ്റെടുത്തിരുന്നു.

അവയെ എപ്പോഴും ഉയർന്ന ആദരവോടും ബഹുമാനത്തോടും കൂടി കാത്തുസൂക്ഷിച്ചിരുന്ന സഭ, അതേ ഭക്തിയോടെയും ഉത്തരവാദിത്ത ബോധത്തോടെയും ഇന്നും അവയെ അപ്രകാരംതന്നെ നിർവഹിക്കുന്നു. ((Dei Verbum 22). അതിനാൽ, സ്വീകരിച്ച് ഓരോ വ്യക്തിയും വിളിക്കപ്പെട്ടിരിക്കുന്നത് വചനത്തിന്റെ വായന, പഠനം, ധ്യാനം എന്നിവ അഭ്യസിക്കുകയും അതിനായി മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും, ഓരോ നിമിഷവും അതിനു സാക്ഷ്യം വഹിക്കുകയും ചെയ്ത് ദൈവവചനത്തിന്റെ ദാസരായി തീരുവാനാണ്.

എല്ലാ ദിവസവും കുറച്ച് മിനിറ്റ് ലെക്സിയോ ദിവിനയിൽ ചെലവഴിക്കുക: തിരുവചനം നിങ്ങളുടെ ഹൃദയത്തോട് വ്യക്തിപരമായി സംസാരിക്കട്ടെ; ദൈവത്തിന്റെ ശബ്ദം ശ്രദ്ധാപൂർവം ശ്രദ്ധിക്കുക, അതിന്റെ അർഥം ധ്യാനിക്കുക, ദൈനംദിന ജീവിതത്തിൽ അത് നിങ്ങളെ വിശുദ്ധിയിലേക്കു ക്ഷണിക്കുന്നത് എങ്ങനെയെന്ന് വിവേചിച്ചറിയുക.

നിങ്ങളുടെ ദൈനംദിന തീരുമാനങ്ങളെ നയിക്കാൻ ഒരു വേദവാക്യം തിരഞ്ഞെടുക്കുക: ജീവിതത്തിലെ അനിശ്ചിതത്വങ്ങളെ അഭിമുഖീകരിക്കുമ്പോൾ, വ്യക്തതയ്ക്കായി തിരുവചനങ്ങളിലേക്ക് തിരിയുക. ഉറച്ച തീരുമാനങ്ങളെയും ദൈവവചനത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കുക, അങ്ങനെ, നിങ്ങളുടെ തിരഞ്ഞെടുപ്പുകളെ നയിക്കാനും അവിടുത്തെ ഇഷ്ടത്തിനനുസരിച്ച് നിങ്ങളുടെ പ്രവർത്തനങ്ങളെ രൂപപ്പെടുത്താനും വചനത്തെ അനുവദിക്കുക.

ഈ ശീലങ്ങൾ സ്വായത്തമാക്കുന്നതിലൂടെ, ജീവനുള്ള വചനം വിശ്വാസി ഹൃദയങ്ങളിൽ വേരു പാകി വളർന്ന്, വ്യക്തിജീവിത വിശുദ്ധി, കുടുംബജീവിതം, ഇടവകകൂട്ടായ്മ എന്നിവ ഫലദായകമാകുന്നു. തുടർന്നും വചനം, നമ്മുടെ തലമുറകളെ നിരന്തരം നയിക്കുകയും പരിവർത്തനം ചെയ്യുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നതിന് വചനത്തോടുള്ള നമ്മുടെ ആത്മസമർപ്പണം നവീകരിക്കാം.

**ഉപസംഹാരം**

കഴിഞ്ഞ വർഷം മലങ്കര കത്തോലിക്കാസഭയിൽ ആചരിച്ച ദൈവവചന വർഷത്തിൽ നാം ഫലപ്രദമായും മനോഹരമായും പുതുക്കിയ വിശുദ്ധ ഗ്രന്ഥത്തോടുള്ള സ്നേഹത്തിന്റെ ആത്മാവിനെ പരിപോഷിപ്പിക്കുന്നത് തുടരാൻ ഞാൻ നിങ്ങളെ എല്ലാവരെയും ആത്മാർത്ഥമായി പ്രോത്സാഹിപ്പിക്കുന്നു. അതൊരു വർഷാചരണം

മാത്രമായിരുന്നില്ല, മറിച്ച് ഒരു തീജ്വാലയായിരുന്നു; ദൈവവചനത്തെ നമ്മുടെ ആത്മീയ ജീവിതത്തിന്റെ ദൈനംദിന അപ്പമാക്കാനുള്ള ഒരു ക്ഷണമായിരുന്നു. അതേ തീക്ഷ്ണത തുടർന്നും നമ്മെ നയിക്കട്ടെ. മാംസമായി മാറി നമ്മുടെ ഇടയിൽ വസിച്ച തിരുവചനത്തിന്റെ സമൃദ്ധിയെയും ശക്തിയെയുംകുറിച്ച് ധ്യാനിച്ച് ഒരു പുതിയ ചൈതന്യത്തിൽ ദൈവവചനത്തിനു മുൻപിൽ നമുക്ക് ആത്മസമർപ്പണം ചെയ്യാം. നാം ദൈവഹിതത്തിന് അനുസൃതമായി ജീവിക്കാനും അവിടുത്തെ സത്യത്തിന് സാക്ഷ്യംവഹിക്കാനും വേണ്ടി, വിശുദ്ധഗ്രന്ഥ രൂപീകരണത്തിൽ വിശുദ്ധത്മാക്കളെ പ്രചോദിപ്പിച്ച പരിശുദ്ധാത്മാവ് നമ്മുടെ  മനസ്സുകളെ പ്രകാശിപ്പിക്കുകയും നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കുകയും ചെയ്യട്ടെ. സത്യവചനം നിങ്ങളുടെ പാതകളെ പ്രകാശിപ്പിക്കുകയും നിങ്ങളുടെ വിശ്വാസം ശക്തിപ്പെടുത്തുകയും നിങ്ങളുടെ കുടുംബങ്ങളെയും ഇടവക കൂട്ടായ്മകളെയും രൂപാന്തരീകരിക്കുകയും എല്ലാ അപ്പസ്തോലിക ശ്രമങ്ങളെയും പ്രചോദിപ്പിക്കുകയുംചെയ്യട്ടെ.

പരിശുദ്ധ കന്യകാമറിയം, വിശുദ്ധ പൗലോസ് അപ്പസ്തോലൻ, വിശുദ്ധ ജെറോം എന്നിവരുടെ മാധ്യസ്ഥം വചനത്തിന്റെ പഠനത്തിലും ധ്യാനത്തിലും പ്രഘോഷണത്തിലും നമ്മെ നയിക്കട്ടെ.

ഈ ബൈബിൾ ഞായറാഴ്ച, കൃപയുടെ ഒരു നിമിഷമായി മാറട്ടെ, താഴ്മയോടെ കേൾക്കാനും വിശ്വസ്തതയോടെ ധ്യാനിക്കാനും നമ്മുടെ മനസ്സിനെ രൂപപ്പെടുത്താനും ഹൃദയങ്ങളെ ശുദ്ധീകരിക്കാനും നമ്മുടെ ചുവടുകളെ നയിക്കാനും മാംസമായി തീർന്ന വചനത്തെ ഹൃദയം തുറന്നു സ്വീകരിക്കാനും പരിശുദ്ധ ത്രിത്വം നമ്മെ ഒരുക്കട്ടെ.

എന്ന്,

✠ **എബ്രഹാം മാർ യൂലിയോസ്**
ബൈബിൾ അപ്പസ്തോലേറ്റിനുള്ള സിനഡൽ കമ്മീഷൻ
ചെയർമാൻ.

10.12.2025
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

ഡിസംബർ 21, ബൈബിൾ

N.B.: ഈ സർക്കുലർ അടുത്തുവരുന്ന ഞായറാഴ്ച, നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കുകയും ഉചിതമായ മാർഗ്ഗങ്ങളിലൂടെ ജനങ്ങളെ അറിയിക്കുകയും ചെയ്യണം